# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6370   11.07.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പിന് ടെൻഡർ മുഖേന യോഗ്യത നേടിയ വെൽസ്പൺ കമ്പനിയുമായി നടത്തിയ ചർച്ചകൾ പൂർത്തിയായോ; | (എ) | പൂർത്തിയായി. |
| (ബി) | ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പിനായി സാങ്കേതിക യോഗ്യതയും കേന്ദ്ര ഗവൺമെന്റിന്റെ സെക്യൂരിറ്റി ക്ലിയറൻസും ലഭിച്ച ഏക ബിഡ്ഡറായ വെൽസ്പൺ കൺസോർഷ്യത്തിന്റെ ഫിനാൻഷ്യൽ ബിഡ്ഡ് പ്രകാരം 30 കൊല്ലത്തേയ്ക്ക് പാട്ടത്തിനെടുത്ത് തുറമുഖത്തിന്റെ ആദ്യ ടെർമിനൽ നടത്തുന്നതിലേയ്ക്കായി 479.54 കോടി രൂപയുടെ (2015- നെറ്റ് പ്രസന്റ് വാല്യു) സർക്കാർ ഗ്രാന്റ് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കൺസോർഷ്യവുമായി ഫിനാൻഷ്യൽ പ്രൊപ്പോസൽ നെഗോഷിയേറ്റ് ചെയ്യുന്നതിന് എക്സ്പെൻഡിച്ചർ സെക്രട്ടറി, പോർട്ട് സെക്രട്ടറി, ലാ സെക്രട്ടറി, |

മാനേജിംഗ് ഡയറക്ടർ,
വിഴിഞ്ഞം ഇന്റർനാഷണൽ
സീപോർട്ട് ലിമിറ്റഡ്
എന്നിവരടങ്ങിയ ഒരു
നെഗോസ്യേഷൻ കമ്മിറ്റിയെ
നിയോഗിച്ചിരുന്നു. ഇവർ
വെൽസ്പൺ
കൺസോർഷ്യവുമായി നടത്തിയ
ചർച്ചയുടെ അടിസ്ഥാനത്തിൽ
ഗ്രാന്റിൽ നിന്നും 20 കോടി
രൂപയുടെ കുറവു
വരുത്തുന്നതിന് കൺസോർഷ്യം
സമ്മതിച്ചിട്ടുണ്ടായിരുന്നു.

പ്രസ്തുത കൺസോർഷ്യം
വീണ്ടും ചർച്ചയ്ക്ക് തയ്യാറാണ്
എന്നറിയിച്ചതിനെ തുടർന്ന് 2012
ജൂലൈ 4-ാം തീയതി
നെഗോസ്യേഷൻ കമ്മിറ്റി
അവരുമായി ഒരു പ്രാവശ്യം
കൂടി ചർച്ചകൾ
നടത്തുകയുണ്ടായി.
അതനുസരിച്ച് അവരുടെ ഏറ്റവും
നല്ല ഓഫർ ടെൻഡർ കണ്ടീഷനു
വിധേയമായി ഉടനടി തന്നെ
സമർപ്പിക്കാമെന്ന്
അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ